# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 309 11.06.2012 -ൽ മറുപടിക്ക്

### ഇടുക്കി ജില്ലയിലെ രാഷ്ട്രീയ പ്രതിയോഗികളുടെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എ. റ്റി. ജോർജ് :<br>ശ്രീ വർക്കല കഹാർ :<br>ശ്രീ കെ. അച്ചുതൻ :<br>ശ്രീ പി.സി. വിഷ്ണുനാഥ് : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഇടുക്കി ജില്ലയിലെ രാഷ്ട്രീയ പ്രതിയോഗികളുടെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തിയെന്ന വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ; | എ) സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി ശ്രീ എം. എം. മണിയുടെ പ്രസംഗത്തിന്റെ വീഡിയോ സി.ഡി സോഴ്സ് ഇൻഫർമേഷൻ ആയി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തൊടുപുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നം.1196/2012 ആയി ശ്രീ എം. എം. മണിയെയും മറ്റും പ്രതികളാക്കി 28.05.2012 -ന് കേസ് രജിസ്റ്റർ ചെയ്ത് എഫ്.ഐ.ആർ. ബഹു.കോടതിക്കും മറ്റും നൽകി. തുടർന്ന് കേസിന്റെ അന്വേഷണം ശ്രീ പ്രകാശ് ഐ.പി.എസ്. (SP,HQ) മേധാവിയായിട്ടുള്ള ഒരു സ്പെഷ്യൽ ടീമിനെ ഏല്പിച്ചിട്ടുണ്ട്. |
| ബി) ഏതൊക്കെ വകുപ്പ് പ്രകാരം ആർക്കൊക്കെ എതിരെയാണ് കേസ്സെടുക്കുന്നതെന്ന് വ്യക്തമാക്കാമോ ; | ബി) ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302,109,118 വകുപ്പുകൾ പ്രകാരമാണ് സി.പി.ഐ.(എം) ന്റെ ഇടുക്കി ജില്ലാ സെക്രട്ടറി ശ്രീ എം. എം. മണിക്കും മറ്റുമെതിരെ കേസ് എടുത്തിട്ടുള്ളത് . |
| സി) ഏതെല്ലാം കേസ്സുകളിലാണ് പുനരന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നത് ; | സി) താഴെപ്പറയുന്ന കേസുകളാണ് പുനരന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നത്.<br>1. ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം നം.118/82.<br>2. രാജാക്കാട് പോലീസ് സ്റ്റേഷൻ ക്രൈം നം.2/83.<br>3. ശാന്തൻപാറ പോലീസ് സ്റ്റേഷൻ ക്രൈം നം. 65/83.<br>4. പീരുമേട് പോലീസ് സ്റ്റേഷൻ ക്രൈം നം. 206/04. |
| ഡി) കൊലപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവിച്ചിരിക്കുന്നവർക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | ഡി) കൊലപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവിച്ചിരിക്കുന്നവർ ആരൊക്കെയാണെന്ന് മനസിലാക്കുന്ന മുറയ്ക്ക് ആവശ്യമെന്ന് കാണുന്നപക്ഷം പോലീസ് സംരക്ഷണം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ